LIBRARY ARCHIVES Kerala Legislative Assembly

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് നല്കിയ നഷ്ടപരിഹാരം

12 (609) ശ്രീമതി മേഴ്സി രവി :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 'പ്രകൃതി ക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്' എന്ന ബഡ്ജറ്റ് ഹെഡ്ഡിൽ നിന്നും ഇതുവരെ മഴമൂലം കേടുപാടുണ്ടായ റോഡുകൾ നന്നാക്കുന്നതിന് ആകെ എന്തു തുക കൊടുത്തു എന്ന് വ്യക്തമാക്കുമോ ;

(ബി) നിയമസഭാ സാമാജികർ ആവശ്യപ്പെടുന്നതനുസരിച്ച് മാത്രമാണോ ഈ തുക നൽകുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകരുടെ നിവേദനപ്രകാരവും ഈ ആവശ്യത്തിന് തുക കൊടുക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) റോഡ് നന്നാക്കുന്നതിന് എന്ത് തുക വേണ്ടിവരുമെന്ന വിദഗ്ദ്ധ അഭിപ്രായ പ്രകാരമാണോ തുക നല്കുന്നതെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) 2001-2002, 2002-2003 എന്നീ സാമ്പത്തിക വർഷങ്ങളിലും 2003-2004-ൽ ഇതുവരെയും വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൻകീഴിൽ കേടുപാടുണ്ടായ റോഡുകൾ നന്നാക്കുന്നതിനായി 12,734 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) അല്ല.

(സി) ഉണ്ട്.

(ഡി) തൃപ്തികരമായി പണി പൂർത്തിയാക്കി എന്ന് ബോദ്ധ്യപ്പെട്ടാൽ ബില്ലുകൾ ലഭ്യമാകുന്ന മുറയ്ക്ക് ജില്ലാ കളക്ടർമാർ ആവശ്യപ്പെടുന്നതനുസരിച്ചാണ് ഇക്കാര്യത്തിന് തുക അനുവദിക്കുന്നത്.

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് നല്കുന്ന നഷ്ടപരിഹാരത്തിന്റെ മാനദണ്ഡം

13 (610) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി മേഴ്സി രവി :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്' എന്ന ബഡ്ജറ്റ് ഹെഡ്ഡിൽ നിന്ന് മഴമൂലം റോഡുകളും മറ്റും നശിക്കുന്ന സമയത്ത്, അവ

നന്നാക്കുന്നതിന് തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ആവശ്യത്തിന് നല്കുന്ന ഏറ്റവും കൂടിയ തുക എത്രയാണ് ;

(സി) ഈ ആവശ്യത്തിന് തുക അനുവദിക്കുമ്പോൾ വർക്കിന്റെ എസ്റ്റിമേറ്റ് ഹാജരാക്കേണ്ടതുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കാലവർഷക്കെടുതിമൂലം ഗതാഗത യോഗ്യമല്ലാതായിത്തീർന്ന റോഡുകളുടെയും മറ്റ് എടുപ്പുകളുടെയും അടിയന്തിരമായ പുനരുദ്ധാരണം (immediate restoration and improvement of the damaged infrastructure) അത്യാവശ്യമായി ചെയ്തുതീർക്കേണ്ടതാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെടുന്ന പക്ഷം ഭരണാനുമതി നല്കാറുണ്ട്.

(ബി) പരമാവധി അഞ്ച് ലക്ഷം രൂപ വരെ നല്കാറുണ്ട്.

(സി) ഭരണാനുമതി നല്കി തുക അനുവദിക്കുമ്പോൾ എസ്റ്റിമേറ്റ് ഹാജരാക്കേണ്ടതില്ല. അതത് ജില്ലാകളക്ടർമാർ എസ്റ്റിമേറ്റ് അനുസരിച്ച് ഭരണാനുമതിയിൽ ഒട്ടും കൂടാത്ത തുകയാണ് നല്കുന്നത്.

വരൾച്ചാ ദുരിതാശ്വാസം

14 (611) ശ്രീ. എ.എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം വരൾച്ചാ ദുരിതാശ്വാസത്തിനായി ഓരോ ജില്ലയ്ക്കും എത്ര രൂപ വീതം അനുവദിച്ചു ;

(ബി) ഇതിൽ എത്ര രൂപ ചെലവായി ; അവ ഏതെല്ലാം ഇനങ്ങളിൽ എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പാലക്കാട് ജില്ലയ്ക്ക് ഒരു കോടി രൂപയും, മറ്റ് ജില്ലകൾക്ക് 50 ലക്ഷം രൂപ വീതവും വരൾച്ചാ ദുരിതാശ്വാസത്തിനായി ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ അനുവദിച്ചിട്ടുണ്ട്.

(ബി) ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണത്തിനും കുടിവെള്ളസ്രോതസ്സുകളുടെ അറ്റകുറ്റപ്പണികൾക്കും ചെലവ് ചെയ്യുന്നതിന് വേണ്ടിയാണ് തുക അനുവദിച്ചിട്ടുള്ളത്. അറ്റകുറ്റപ്പണികൾക്ക് മിക്കവാറും ജില്ലകളിൽ ഭരണാനുമതി നല്കിയിട്ടുണ്ട്. ടി പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ടി തുക ചെലവ് ചെയ്യുന്നതാണ്. ഈ സാമ്പത്തിക വർഷത്തിന്റെ തുടക്കമായതിനാൽ ഇനങ്ങൾ തിരിച്ച് കൃത്യമായി എത്ര രൂപ ചെലവായി എന്ന കണക്ക് നിജപ്പെടുത്തി വരുന്നതേയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly